പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.383 28.05.2019 ൽ മറുപടിയ്ക്ക്

## പ്രളയത്തിൽ നശിച്ച അരിയും നെല്ലും നീക്കിയതിലെ അപാകത

ചോദ്യം
ശ്രീ.അനൂപ് ജേക്കബ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2018-ലെ പ്രളയത്തിൽ നശിച്ച അരിയും നെല്ലും നീക്കിയതിലെ അപാകതകളും അത് സംബന്ധിച്ച ടെൻഡർ നടപടികളും പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധന ആരംഭിച്ചിട്ടുണ്ടോ; അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | 2018-ലെ പ്രളയത്തിൽ നശിച്ച അരിയും നെല്ലും നീക്കിയതിലെ അപാകതകളും അത് സംബന്ധിച്ച ടെൻഡർ നടപടികളും പരിശോധിക്കാൻ നിയോഗിക്കപ്പെട്ട സംഘം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രളയത്തിൽ നശിച്ച എത്ര ടൺ അരിയും നെല്ലുമാണ് ഇതുവരെ തമിഴ്നാട്ടിലേക്ക് കടത്തിയതെന്നും ഉപയോഗശൂന്യമായ അരി തിരികെ സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ; | (ബി) | പ്രളയത്തിൽ നശിച്ച അരിയും, നെല്ലും ഇ-ടെൻഡറിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരമുള്ള സത്യവാങ്മൂലം ലഭ്യമാക്കിയിട്ടാണ് വിട്ടെടുപ്പിന് അനുമതി നല്കിയത്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ അരിയും നെല്ലും മറ്റ് സംസ്ഥാനങ്ങളിലേക്ക് കടത്തിയോ എന്നതിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഉപയോഗശൂന്യമായ അരി തിരികെ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് തടയാനായി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഡിജിപി, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ചരക്ക സേവന നികുതി കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എറണാകുളം ജില്ലയിലെ ഒരു റേഷൻ കടയിൽ 2019 മെയ് മാസം വിതരണത്തിനെത്തിയ അരിയിൽ പുഴുവും കീടാണുക്കളും കാരണം ഉപയോഗശൂന്യമായിരുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിതരണത്തിനായി എത്തിയ അരിയിൽ ഉപയോഗശൂന്യമായി കണ്ടെത്തിയ 39 ചാക്ക് അരി റേഷൻ കടയിൽ നിന്നും എൻ.എഫ്.എസ്.എ ഡിപ്പോയിലേക്ക് മാറ്റുകയും പകരം ഭക്ഷ്യയോഗ്യമായ സാധനങ്ങൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ